**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **30-07-2021 - ൽ മറുപടിയ്ക്ക്**

**എരുമേലി പഞ്ചായത്തിലെ സൗരവേലി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ കാട്ടാനക്കൂട്ടം കൃഷി നശിപ്പിക്കുന്നത് തടയാൻ വൈദ്യുത വേലികൾ ഇല്ലാത്ത ഭാഗത്ത് സൗരവേലികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | അവശേഷിക്കുന്ന പ്രശ്നബാധിത ഭാഗങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജന ജാഗ്രതാ സമിതികളുടെ ശുപാർശകളും ഉൾപ്പെടുത്തി സൗരോർജ്ജ വേലികൾ ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. നിലവിൽ 2016-17 കാലയളവ് മുതൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന കൊപ്പം-മാങ്ങാപ്പേട്ട, പാണനിലാവ്-എരുത്വാപുഴ, എരുത്വാപ്പുഴ- എലിവാലിക്കര, എലിവാലിക്കര -കൊപ്പം, കാളകെട്ടി-കീരിത്തോട്, കീരിത്തോട്-എലിവാലക്കര, മാങ്ങാപ്പേട്ട-504 കോളനി, 504 കോളവി-കാരിശ്ശേരി, പാണപിലാവ്- എരുത്വാപ്പുഴ, 2016 തേക്ക് തോട്ടം, 2015 തേക്ക് തോട്ടം എന്നീ പ്രദേശങ്ങളിൽ ആകെ 53.8 കി.മീ. ദൂരത്തിൽ സൗരോർജ്ജ വേലി നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന കണ്ടങ്കയം-10 ഏക്കർ-മൈനാക്കുളം, കൊമ്പുകുത്തി സെറ്റിൽമെൻറ് ഭാഗം എന്നിവിടങ്ങളിൽ ആകെ 10 കി.മീ ദൂരത്തിൽ 2019-20-ൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്. |
| (ബി) | മണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ മാങ്ങാപ്പേട്ട പ്രദേശത്ത് ശേഷിക്കുന്ന 2 കി.മീ. ഭാഗത്ത് വൈദ്യുതിവേലി സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കോരുത്തോട് ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ മാങ്ങാപേട്ട പ്രദേശത്ത് 2 കി.മീ. ഭാഗത്ത് സൗരോർജ്ജവേലി നിർമ്മിക്കുന്നതിന് അടങ്കൽ തയ്യാറാക്കിയിട്ടുള്ളതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത ജോലി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ